LIBRARY ARCHIVES Kerala Legislative Assembly

ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മാണവും ഓട്ടോസ്റ്റാന്റ് മാറ്റി സ്ഥാപിക്കലും

78 (5426) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രുക്ഷമായ ഗതാഗതപ്രശ്നം നേരിടുന്ന പള്ളിപ്പുറം പഞ്ചായത്തിലെ ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനും, ഓട്ടോസ്റ്റാൻറ് മാറ്റി സ്ഥാപിക്കുന്നതിനും ജിഡയിൽ നിന്നും ഇക അനുവദിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ ;

(ബി) ടി പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസ്സം എന്തൊക്കെയെന്ന് അറിയാമോ;വിശദമാക്കാമോ ;

(സി) ടി പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയാമോ ; വ്യക്തമാക്കാമോ ;

(ഡി) ടി പ്രവൃത്തികൾക്കായി അനുവദിച്ച ഇക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇക അനുവദിച്ചിട്ടില്ല. 5,42,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് ജിഡ ജനറൽ കൗൺസിലിൽ വച്ച് അംഗീകാരം ലഭ്യമാക്കി സർക്കാരിൽനിന്ന് എ.എസ്.& ഇ.എസ്. ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) എ.എസ്. & ഇ.എസ്. ലഭ്യമായതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ഡി) ഇക അനുവദിച്ചിട്ടില്ല.

മുനമ്പം-വൈപ്പിൻ തീരദേശ പാത പുനർനിർമ്മാണം

79 (5427) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനമ്പം-വൈപ്പിൻ തീരദേശപാത പുനർ നിർമ്മിക്കുന്നതിന് ജിഡയിൽ നിന്നും ഇക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര റീച്ചുകളായാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;